കോഴിക്കോട് ജില്ല കളക്ടറുടെ നടപടിക്രമം
(ഹാജർ:-എസ്.സാംബശിവ റാവു.ഐ.എ.എസ്.)

നം.ഡിസികെകെഡി/2803/2020-എഫ്3. തീയതി:-8-05-2020

വിഷയം:-കോവിഡ്-19-രോഗബാധ വ്യാപനം തടയൽ പൊതുസ്ഥലങ്ങളിൽ ആരോഗ്യ സ്ക്രീനിംഗ് നടത്തുന്നതിന് ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്.

സൂചന:-ജി.ഒ.(എം എസ്) 85/2020-ജിഎഡി, തീയതി.20-05-2020.

കോവിഡ് രോഗവ്യാപനം തടയുന്നതിനായി ലോക്ക് ഡൗൺ കാലയളവ് 17-05-2020 വരെ ദീർഘിപ്പിച്ച് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്.നിലവിലുള്ള ലോക്ക് ഡൗൺ നിബന്ധനകളിൽ സർക്കാർ ഇളവ് അനുവദിച്ചതിനാൽ ജനങ്ങൾ പൊതുസ്ഥലങ്ങളിൽ തടിച്ച് കൂടുന്നതിന് സാദ്ധ്യതയുള്ള സാഹചര്യത്തിൽ ജില്ലയിൽ പൊതുസ്ഥലങ്ങളിൽ കോവിഡ് വ്യാപനം തടയുന്നതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പൊതു ജനങ്ങളെ ഹെൽത്ത് സ്ക്രീനിംഗ് ടെസ്റ്റിന് വിധേയമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ എപിഡെമിക് ഓർഡിനൻസ് പ്രകാരവും ദുരന്ത നിവാരണ നിയമം 30,31 പ്രകാരവും ജില്ലയിലെ കോഴിക്കോട്,താമരശ്ശേരി,കൊയിലാണ്ടി,വടകര, കോഴിക്കോട് താലൂക്കുകൾക്ക് കീഴിൽ താഴെ പറയുന്ന 23 സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് മെഡിക്കൽ സ്ക്രീനിംഗ് നടത്തുന്നതിന് ഉത്തരവാകുന്നു.നാല്വ താലൂക്കുകളിലും താഴെ ലിസ്റ്റ് ചെയ്തിരിക്കുന്ന സ്ഥലങ്ങളിലാണ് മെഡിക്കൽ ടീം പ്രവർത്തിക്കേണ്ടത്.

**1.കോഴിക്കോട് താലൂക്കിലെ 10 ബസ് സ്റ്റാന്റുകൾ**

| | |
|---|---|
| 1.മൊഫ്യൂസിൽ ബസ് സ്റ്റാന്റ്. | 6.മാനാഞ്ചിറ |
| 2.മുക്കം | 7.കുന്ദമംഗലം |
| 3..ഫറോക്ക് | 8.റെയിൽവെ സ്റ്റേഷൻ,കോഴിക്കോട്. |
| 4.രാമനാട്ടുകര | 9.പാളയം മാർക്കറ്റ്. |
| 5..മാവൂർ | 10.കോഴിക്കോട് ബീച്ച് |

**II.കൊയിലാണ്ടി താലൂക്ക്.**

1.ബാലുശ്ശേരി

2.പേരാമ്പ്ര

3.കൊയിലാണ്ടി.

**III.താമരശ്ശേരി താലൂക്ക്**

| | |
|---|---|
| 1.താമരശ്ശേരി, | 4.ഓമശ്ശേരി. |
| 2.കൊടുവള്ളി | 5.പുതുപ്പാടി. |
| 3.പൂനൂർ | 6.കോടഞ്ചേരി. |

Scanned by CamScanner

IV.വടകര താലൂക്ക്.

1.വടകര

2. നാദാപുരം.

3.കുറ്റ്യാടി

4.വില്യാപ്പള്ളി.

പൊതു ജനങ്ങൾക്കായുള്ള ഹെൽത്ത് സ്ക്രീനിംഗ് ടെസ്റ്റിനായി മേൽ പരാമർശിച്ച സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതിനായി ഓരോ ടീമിലും താഴെ പറയുന്ന ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ബന്ധപ്പെട്ട ജില്ലാ/താലൂക്ക് മേധാവികൾ നിയമിക്കേണ്ടതാണ്.

1.പാരാ മെഡിക്കൽ സ്റ്റാഫ്,ഹെൽത്ത് വളണ്ടിയർ എന്നിവരെ ജില്ലാ മെഡിക്കൽ ഓഫീസർ നിയമിക്കേണ്ടതാണ്.

2.ഓരോ ടീമിലേക്കും ഒരു റവന്യൂ ഇൻസ്പെക്ടർ/വില്ലേജാഫീസർ/അദ്ധ്യാപകൻ -തഹസീൽദാർ നിയമിക്കേണ്ടതാണ്.ടീമിലേക്ക് ആവശ്യമെങ്കിൽ റവന്യൂ ഉദ്യോഗസ്ഥർക്കു പകരം അദ്ധ്യാപകരെ നിയോഗിക്കാവുന്നതാണ്.ഇതിനായി അദ്ധ്യാപകരുടെ ലിസ്റ്റ് താലൂക്കടിസ്ഥാനത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എജ്യുക്കേഷൻ അതാത് തഹസീൽദാർമാർക്ക് നൽകേണ്ടതാണ്.ഇവരെ അതാത് ടീമിലേക്ക് തഹസീൽദാർ നിയോഗിക്കേണ്ടതാണ്.ടീമുകളുടെ പ്രവർത്തനത്തിന് ആവശ്യമായ പോലീസ് സഹായം ജില്ലാ പോലീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

പ്രസ്തുത സ്ക്രീനിംഗിൽ കോവിഡ് കേസുകളുടെ ലക്ഷണങ്ങൾ കണ്ടെത്തുന്ന പക്ഷം ടി വ്യക്തികളെ മെഡിക്കൽ കോളേജിൽ ആശുപത്രിയിൽ എത്തിക്കുകയും വിവരം ജില്ലാ മെഡിക്കൽ ഓഫീസറെ അറിയിക്കേണ്ടതുമാണ്.ഹെൽത്ത് സ്ക്രീനിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല ജില്ലാ ട്രാൻസ്പോർട്ട് നോഡൽ ഓഫീസറും ആർ.ആർ.ഡെപ്യൂട്ടി കളക്ടറുമായ കെ.ഹിമ എന്നവർ വഹിക്കേണ്ടതാണ്.

Sambath

ജില്ലാ കളക്ടർ

പകർപ്പ്:-

1)DMO, Kozhikode.

2)DDE,Education Dept,

4)Rural SP Vatakara.

5)Tahsildars -4 Taluks

6)Deputy Collector (R R) Kozhiode.

Scanned by CamScanner